LIBRARY ARCHIVES Kerala Legislative Assembly

മാവോയിസ്റ്റ് പ്രവർത്തനങ്ങൾ

222 (3044) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് മാവോയിസ്റ്റ് പ്രവർത്തനം ഉള്ളതായി കണ്ടെത്തിയിട്ടുള്ളത് ;

(ബി) തമിഴ് നാട്, കർണ്ണാടക അതിർത്തി കേന്ദ്രീകരിച്ച് പശ്ചിമഘട്ട മേഖലയിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണി ഉയർത്തിയിട്ടുണ്ടോ ;

(ഡി) മാവോയിസ്റ്റ് പ്രവർത്തനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കൊല്ലം, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് മാവോയിസ്റ്റ് പ്രവർത്തനം ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്.

(ബി) തമിഴ് നാട്, കർണ്ണാടക അതിർത്തി കേന്ദ്രീകരിച്ച് പശ്ചിമഘട്ട മേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണി ഉയർത്താനുള്ള ശ്രമങ്ങൾ മാവോയിസ്റ്റുകളിൽനിന്നും ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് മാവോയിസ്റ്റുകൾ അവരുടെ സ്വാധീനം ഉറപ്പിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതൽ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് സംസ്ഥാന പോലീസിനെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻതലം മുതൽ ജില്ലാ പോലീസ് മേധാവിതലംവരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

ആറ്റിങ്ങലിൽ പ്രാർത്ഥനായോഗത്തിന് നേരെ നടന്ന ആക്രമണം

223 (3045) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പൽ ലൈബ്രറി ഹാളിൽ പ്രാർത്ഥനായോഗത്തിന് നേരെ നടന്ന ആക്രമണവുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഇവർ ഏത് സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണെന്നും കേസ്സുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(ബി) പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നതിന് മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സംഭവവുമായി ബന്ധപ്പെട്ട് ആറ്റിങ്ങലിൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1181/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവർ ബി.ജെ.പി./ ആർ.എസ്.എസ്. സംഘടനയിലെ പ്രവർത്തകരാണ്. മറ്റ് പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ബി) പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നതിനായി മുൻകൂർ അനുമതി ആവശ്യമില്ല.

മാവേലിക്കരയിലെ മോഷണവും ഭവനഭേദനവും

224 (3046) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly